LIBRARY ARCHIVES Kerala Legislative Assembly

പത്രപ്രവർത്തകർക്കുള്ള ഭവന നിർമ്മാണ പദ്ധതി

28 [3552] *ശ്രീ. എ. എ. അസീസ്* :

„ *കോവൂർ കുഞ്ഞുമോൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്രപ്രവർത്തകർക്കുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരം സംസ്ഥാനത്ത് ഇതിനകം എത്ര വീടുകൾ നിർമ്മിച്ചു;

(ബി) എത്ര എണ്ണം വിതരണം ചെയ്തു; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്ലോട്ടുകളും വീടുകളും ഫ്ളാറ്റുകളും കൂടി 138 എണ്ണം.

(ബി) കൊല്ലം ജില്ലയിൽ 23 എണ്ണവും തിരുവനന്തപുരം ജില്ലയിൽ 44 എണ്ണവും കോട്ടയം ജില്ലയിൽ 14 എണ്ണവും പാലക്കാട് ജില്ലയിൽ 5 എണ്ണവും കോഴിക്കോട് ജില്ലയിൽ 41 എണ്ണവും അലോട്ട് ചെയ്തിട്ടുണ്ട്.

നിർമ്മിതി കേന്ദ്രം ജീവനക്കാർക്ക് സേവന-വേതന വ്യവസ്ഥ നടപ്പാക്കാൻ നടപടി

29 [3553] *ശ്രീ. പി. സി. ജോർജ്ജ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിൽ എത്ര ജീവനക്കാരുണ്ട്;

(ബി) ഇവിടെ സേവന-വേതന വ്യവസ്ഥകൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉടൻ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) നിർമ്മിതി ജീവനക്കാരുടെ കുറഞ്ഞ ഓണറേറിയവും, കൂടിയ ഓണറേറിയവും എത്രയെന്ന് വിശദമാക്കുമോ;

(ഡി) ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)	പി. എഫ്. ഓടുകൂടിയ വോളന്റിയർമാർ	–	161
	കോൺട്രാക്ട് അടിസ്ഥാനത്തിൽ	–	3
	ദിവസ വേതനത്തിൽ	–	10
	പി. എഫ്. ഇല്ലാതെ	–	3
	പ്രോജക്ട് കോ-ഓർഡിനേറ്റർ	–	3
	ഡെപ്യൂട്ടേഷൻ	–	2
	മാസ അടിസ്ഥാനത്തിൽ	–	2